"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പത്തനംതിട്ട ജില്ല- എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്- മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി. വിജോയ് മാത്യുവിന് ശൂന്യവേതനാവധി അനുവദിച്ചത് - ഭേദഗതി ചെയ്ത് ഉത്തരാകുന്നു .

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.413/2024/LSGD തീയതി,തിരുവനന്തപുരം, 20-02-2024

---

പരാമർശം:-

1. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറുടെ 13.12.2017ലെ കെ എസ് എ പി റ്റി എ പി8/1442/14 നമ്പർ കത്ത്
2. 13.03.2020-ലെ സഉ(സാധാ)നം615/202 തസ്വഭവ നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 05.01.2021ലെ PAN/10292/2020-D11 (DP) നമ്പർ കത്ത്
4. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.07.2023ലെ 400353/ജിഎഡിസിഇ2/ജിപിഇ/2023/3657(1) നമ്പർ നടപടിക്രമം
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.11.2023ലെ എൽഎസ്ജിഡി/പിഡി/705/2023-ഡിഇബി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി. വിജോയ് മാത്യു സർവ്വീസിൽ നിന്ന് വിട്ടു നിന്ന 06.12.2015 മുതൽ 28.02.2017 വരെയുള്ള കാലയളവിലേയ്ക്ക് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം-ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടിയാൾക്ക് ക്രഡിറ്റിൽ മതിയായ ആർജ്ജിതാവധിയില്ലാതിരിക്കെ 20.10.2015 മുതൽ 05.12.2015 വരെ 47 ദിവസത്തെ ആർജ്ജിതാവധി അനുവദിച്ച് ശമ്പളാനുകൂല്യങ്ങൾ നൽകിയ നടപടി ക്രമപ്രകാരമല്ലെന്ന പരാമർശം (1) പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയും പരാമർശകാലയളവുകൂടി ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി. വിജോയ് മാത്യുവിന്റെ 06.12.2015 മുതൽ 28.02.2017 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച പരാമർശം (2) ഉത്തരവ് ഭേദഗതിചെയ്തും, ടിയാളുടെ 20.10.2015 മുതൽ 28.02.2017 വരെയുള്ള കാലയളവിലേയ്ക്ക് , ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം ഒന്ന് ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

സ.ഉ.(സാധാ) നം.413/2024/LSGD

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീമതി.വിജോയ് മാത്യു, മുൻ ഹെഡ് ക്ലർക്ക്, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ

6.ധനകാര്യ വകുപ്പ് (02.02.2024ലെ ലെ e-1294841/ഡെവ-1/217/2019-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

7.ഡയറക്ടർ, ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.219/ഇപിഎ1/2017-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 20-02-2024 15:20:00